


# രക്ഷകനെ

# കാത്തിരുന്ന ജനം

5

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.**

## പാഠം

# അബ്രാഹത്തിന്റെ വിളി





# അബ്രാഹം

മനുഷ്യരക്ഷയ്ക്കായുള്ള ദൈവത്തിന്റെ പദ്ധതിയിൽ പ്രത്യേകസ്ഥാനമുള്ള വ്യക്തിയാണ് അബ്രാഹം

ബി.സി. 19–ാം നൂറ്റാണ്ടിലാണ് അദ്ദേഹം ജീവിച്ചിരുന്നത്.

ജനനം ദക്ഷിണമെസോപ്പൊട്ടോമിയായിലെ ഊർ.

അബ്രാം എന്നായിരുന്നു ആദ്യത്തെ പേര്.

# ദൈവം വിളിക്കുന്നു


**ഹാരാനിൽ താമസിക്കുന്ന കാലത്ത് അബ്രാമിനു ദൈവത്തിൽനിന്ന് ഒരു വിളി ലഭിച്ചു.**

**'നിന്റെ ദേശത്തെയും, ബന്ധുക്കളെയും, പിതൃഭവനത്തെയും വിട്ട്, ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്കു പോകുക. ഞാൻ നിന്നെ വലിയൊരു ജനതയാക്കും. നിന്നെ ഞാൻ അനുഗ്രഹിക്കും. നിന്റെ പേര് ഞാൻ മഹത്തരമാക്കും. അങ്ങനെ നീ ഒരനുഗ്രഹമായിരിക്കും. നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗ്രഹീതമാകും'. (ഉൽപത്തി 12:1–3)**

**75**–ാം വയസ്സിൽ കാനാൻദേശത്തു ഷെക്കേമിൽ വച്ചു കർത്താവ് അബ്രാമിനോട് അരുളി ചെയ്തു:

**‘ഈ നാടു നിന്റെ സന്തതികൾക്കു ഞാൻ കൊടുക്കും’.**

# ദൈവത്തിന്റെ ഉടമ്പടി



# ദൈവം അബ്രഹാമിനു നൽകിയ വാഗ്ദാനം

1. അബ്രാഹം നിരവധി ജനതകളുടെ പിതാവായിരിക്കും.

2. അബ്രാഹത്തിനും സന്തതികൾക്കും ദൈവവുമായി പ്രത്യേക ബന്ധമുണ്ടായിരിക്കും.

3. അബ്രാഹത്തിനും സന്തതികൾക്കും കാനാൻ ദേശം മുഴുവൻ അവകാശമായി നല്കും.

# ഇസഹാക്കിന്റെ ജനനം

## ദൈവം അബ്രാഹത്തോട് അരുളിച്ചെയ്തു.

വൃദ്ധനായ അബ്രാഹത്തിൽ
നിന്നു സാറാ ഗർഭം ധരിച്ച്
ഒരു പുത്രനെ പ്രസവിച്ചു.
മകന്
ഇസഹാക്ക് എന്നു
പേരിട്ടു. (ഉൽപത്തി 21:1–3)

**ഒരിക്കൽ ദൈവം അബ്രാഹത്തെ പരീക്ഷിക്കുവാൻ തീരുമാനിച്ചു.**

**അവിടുന്ന് ഇപ്രകാരം കല്പിച്ചു:**

'നീ സ്നേഹിക്കുന്ന നിന്റെ ഏകമകൻ ഇസഹാക്കിനെയും കൂട്ടിക്കൊണ്ടു മോറിയാ ദേശത്തേക്കു പോവുക. അവിടെ ഞാൻ കാണിച്ചുതരുന്ന മലമുകളിൽ നീ അവനെ എനിക്ക് ഒരു ദഹനബലിയായി അർപ്പിക്കണം'.

(ഉൽപത്തി 22: 2)

# അബ്രാഹത്തിന്റെ ബലി



വഴിയിൽ വച്ച് ഇസഹാക്ക് ചോദിച്ചു:

‘നമ്മുടെ പക്കൽ തീയും വിറകുമുണ്ടല്ലോ, എന്നാൽ ദഹനബലി ക്കുള്ള കുഞ്ഞാട് എവിടെ?’

അബ്രാഹം മറുപടി പറഞ്ഞു:

‘കുഞ്ഞാടിനെ ദൈവം തരും’.

ഇസഹാക്കിനെ ബലികഴിക്കുവാൻ ഒരുക്കങ്ങൾ പൂർത്തിയാക്കി അബ്രാഹം കത്തി എടുത്തപ്പോൾ ദൈവദൂതൻ അബ്രാഹത്തോട് പറഞ്ഞു:

‘കുട്ടിയുടെ മേൽ കൈവയ്ക്കരുത്. നീ ദൈവത്തെ ഭയപ്പെടുന്നു വെന്ന് എനിക്കിപ്പോൾ ഉറപ്പായി. കാരണം, നിന്റെ ഏകപുത്രനെ എനിക്കു തരാൻ നീ മടികാണിച്ചില്ല’.

# അബ്രാഹം ഇസഹാക്കിനു പകരം മുൾച്ചെടികൾക്കിട യിൽ നിന്നു കിട്ടിയ മുട്ടാടിനെ ബലിയർപ്പിച്ചു.

## ജനതകളുടെ പിതാവ്

'നീ എന്റെ വാക്ക് അനുസരിച്ചതുകൊണ്ട് നിന്റെ സന്തതിയിലൂടെ ലോക ത്തിലെ ജനതകളെല്ലാം അനുഗ്രഹിക്കപ്പെടും'.

## വിശ്വാസികളുടെ പിതാവ്

ദൈവത്തിലുള്ള ശരിയായ വിശ്വാസം നിമിത്തമാണ് അബ്രാഹം വിശ്വാസിക ളുടെ പിതാവ് എന്ന പദവിയിലേക്ക് ഉയർന്നത്.

ദൈവത്തിലുള്ള അടിയുറച്ച വിശ്വാസം വാക്കിലും പ്രവൃത്തിയിലും പ്രകടിപ്പി ക്കണം.



# നമുക്കു പ്രാർത്ഥിക്കാം

കർത്താവ് എത്രയോ നല്ലവനാണെന്ന് രുചിച്ചറിയുവിൻ, അവിടുത്തെ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ.



# നമുക്കു പാടാം

ജനതകൾ വാഴ്ത്തും താതനിതാ
ജിതമാനസനാമബ്രാഹം!
ഹഗാറിൽനിന്നിസ്മായേൽ,
സാറായിൽ നിന്നിസഹാക്കും .......

താരകനിരപോൽ ഗഗനത്തിൽ,
തീരത്തോ മൺതരികൾപോൽ
തലമുറയനവധിയവനിവിടെ
തരുമെന്നീശ്വര വാഗ്ദാനം!

ഒരു നാൾ ബലിയായ്ത്തൻമകനെ
മോറിയഗിരിയിൽ ഹോമിക്കാൻ
അരുളിയ ദൈവം, കൃപയാലേ
അവനെ മോചിച്ചവസാനം.

# ദൈവവചനം വായിക്കാം, വിവരിക്കാം

**അബ്രാഹം ഇസഹാക്കിനെ ബലികഴിക്കാനൊരുങ്ങിയ സംഭവം വിവരിക്കുക**

# വഴികാട്ടാൻ ഒരു തിരുവചനം

**അബ്രാഹം കർത്താവിൽ വിശ്വസിച്ചു.**
**അവിടുന്ന് അത് അവന്**
**നിതീകരണമായി കണക്കാക്കി**

# എന്റെ തീരുമാനം

**അബ്രാഹത്തെപ്പോലെ ഞാനും ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് അവിടുത്തെ കല്പനകൾ അനുസരിച്ചു ജീവിക്കും**

## സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

- ദൈവത്തിൽ വിശ്വസിക്കുന്നവരുടെ മാതൃകയാണ് അബ്രാഹം.
- ദൈവത്തിന്റെ വാക്കു വിശ്വസിച്ച് അനുസരണം പാലിച്ചതിനാലാണ് അബ്രാഹം അനുഗൃഹീതനായത്.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* അബ്രാഹത്തെ അനുകരിച്ച നാം വിശ്വാസത്തിൽ ഉറപ്പു നേടേണ്ടവരാണ്

* ഏതു പ്രതികൂലസാഹചര്യത്തിലും നാം വിശ്വാസത്തിൽ നിലകൊള്ളേണ്ടവരാണ്.



# സ്വന്തമാക്കേണ്ട ശീലങ്ങൾ

* ഞാൻ ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് അവിടുത്തെ കല്പനകൾ അനുസരിക്കും.




THANK
YOU